കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെറുകാവ് ഗ്രാമപഞ്ചായത്ത് - ഇ.എം.എസ് ഭവന പദ്ധതി പ്രകാരം കരാർ വച്ച വസ്തു വില്ക്കുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.809/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 26/03/2018.

---

വായന:- 1. 25/05/2017 ലെ 92/ഡിബി1/17/തസ്വഭവനം സർക്കുലർ

2. ശ്രീമതി ഷാഹിദ തയ്യിൽ, നീലാട്ടുകുഴി വീട്, പുളിക്കൽ പി.ഒ. യുടെ 05/03/2018 ലെ അപേക്ഷ

3. ശ്രീ. ടി.വി, ഇബ്രാഹിം എം എൽ എ യുടെ 06/03/2018 ലെ കത്ത്

**ഉത്തരവ്**

ശ്രീമതി ഷാഹിദ തയ്യിൽ, നീലാട്ടുകുഴി വീട്, പുളിക്കൽ പി.ഒ. 2009-10 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമ പഞ്ചായത്തിൽനിന്ന് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചയാളാണ്. എന്നാൽ ഇവർക്ക് സാമ്പത്തികബാദ്ധ്യത മൂലം ബാങ്കിൽനിന്നെടുത്ത ലോൺ തിരിച്ചടയ്ക്കുന്നതിനായി ഈ വീടും വസ്തുവും വിൽക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വായന(2) പ്രകാരം അഭ്യർഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത പദ്ധതി പ്രകാരം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടച്ചുവെന്ന് ഉറപ്പുവരുത്തിയശേഷം അടുത്ത 10 വർഷത്തേയ്ക്ക് സർക്കാരിന്റെ ഭവനപദ്ധതികളിലുൾപ്പെടുത്തി യാതൊരു ധനസഹായവും അപേക്ഷകയ്ക്ക് അനുവദിക്കില്ലെന്ന വ്യവസ്ഥയിൽ ശ്രീമതി ഷാഹിദ തയ്യിൽ, നീലാട്ടുകുഴി വീട്, പുളിക്കൽ പി.ഒ. എന്നയാൾക്ക് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം അനുവദിച്ച വീട് വിൽക്കുന്നതിന് അപേക്ഷകയുടെ പേരിലുള്ള കരാർ റദ്ദ് ചെയ്ത് നൽകുന്നതിന് ചെറുകാവ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. ടി.വി, ഇബ്രാഹിം. എം.എൽ. എ.(ആമുഖ കത്ത് സഹിതം)
സെക്രട്ടറി, ചെറുകാവ് ഗ്രാമ പപഞ്ചായത്ത്
ശ്രീമതി ഷാഹിദതയ്യിൽ , നീലാട്ടുകുഴി വീട് , പുളിക്കൽ പി.ഒ ,മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ